പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 837

07/02/2013-ൽ
മറുപടിയ്ക്കു

**ശബരിമല മാസ്റ്റർ പ്ലാൻ**

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**ഉത്തരം**
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | എ) | സ്വാമി അയ്യപ്പൻ റോഡ്, സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, കുന്നാർ ഡാമിൻെറ ഉയരം കൂട്ടി ശേഷി വർദ്ധിപ്പിക്കൽ, ഇപ്പോൾ പണി പൂർത്തിയായിട്ടുള്ള ക്യൂ കോംപ്ലക്സുകൾക്കു പുറമെ മരക്കൂട്ടത്തിനും, ശരംകുത്തിക്കുമിടയിൽ പുതിയ ക്യൂ കോംപ്ലക്സ് നിർമ്മാണം, പമ്പ മുതൽ സന്നിധാനം വരെ നടപ്പന്തൽ നിർമ്മിക്കുക, റോപ്പ്‌വേ നിർമ്മിക്കുക, വലിയ നടപ്പന്തലിന് രണ്ടാം നില നിർമ്മിക്കുക, ആധുനിക സൗകര്യങ്ങളോടുകൂടി അന്നദാന മന്ദിരം നിർമ്മിക്കുക, നിലയ്ക്കലിൽ പുതിയ ചെക്കുഡാം, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുക, നിലയ്ക്കലിൽ ക്ഷേത്രങ്ങൾ പുതുക്കി പണിയുക, നിലയ്ക്കലിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുക. |
| ബി) | നടപ്പാക്കിയിട്ടുള്ളതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പേരും , ചെലവഴിച്ച തുകയും എത്ര; വ്യക്തമാക്കുമോ ; | ബി) | 1) ബെയ്‌ലി പാലം – 1,64,83,808/- രൂപ<br>2) അപ്രാച്ച് റോഡ് – സ്പോൺസർഷിപ്പ്<br>3) ശബരി പീഠത്തിനും മരക്കൂട്ടത്തിനുമിടയ്ക്ക് ക്യൂ കോംപ്ലക്സ് -- 1,13,71,235/- രൂപ<br>4) സ്വാമി അയ്യപ്പൻ റോഡിൻെറ പണി ഭാഗികമായി പൂർത്തിയാക്കി - 1,67,01,337/- രൂപ<br>5) നിലയ്ക്കലിൽ 2 പാർക്കിംഗ് ഗ്രൗണ്ടുകൾ - 1,00,88,300/- രൂപ<br>6) നിലയ്ക്കലിൽ ഹൈ മാസ്റ്റ് ലൈറ്റ് – 13,95,100/- രൂപ<br>6) സന്നിധാനത്ത് അയ്യപ്പ ഭക്തന്മാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമായി 667120 സ്ക്വയർ ഫീറ്റ് സ്ഥലം പുതുതായി ഒരുക്കി - 62,92,251/- രൂപ<br>7) ഫെസിലിറ്റി സെൻററിൻെറ നിർമ്മാണം – 36,60,000/- രൂപ |
| സി) | ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; പേരും തുകയും സഹിതം വ്യക്ത മാക്കുമോ ; | സി) | 1) സ്വാമി അയ്യപ്പൻ റോഡ് - 72 ലക്ഷം രൂപ<br>2) നിലയ്ക്കൽ വാട്ടർ ടാങ്ക് - 85 ലക്ഷം രൂപ<br>3) നിലയ്ക്കലിൽ ചെക്കുഡാം - 48 ലക്ഷം രൂപ |

4) നിലയ്ക്കലിൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പണി - 40 ലക്ഷം രൂപ

5) നിലയ്ക്കലിലെ പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ - 312 ലക്ഷം രൂപ

| | | | |
|---|---|---|---|
| ഡി) | **അടുത്ത മണ്ഡലകാലത്തിനുമുമ്പായി ചെയ്തുതീർക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ;** | ഡി) | ശബരിമലയിലും പമ്പയിലും സ്വീവേജ് ട്രീറ്റുമെൻറ് പ്ലാൻറുകൾ നിർമ്മിക്കുക, അരവണ പ്ലാൻറ് ആധുനിക സൗകര്യങ്ങളോടുകൂടി മാറ്റി സ്ഥാപിക്കുക, റോപ്പ്‌വേ നിർമ്മിക്കുക, അന്നദാന മണ്ഡപം നിർമ്മിക്കുക, തീർത്ഥാടകർക്ക് വിരി വയ്ക്കുന്നതിനായി കൂടുതൽ സ്ഥലം ലഭ്യമാക്കുക, കുന്നാർ ഡാമിൻെറ സംഭരണ ശേഷി വരദ്ധിപ്പിക്കുക, പമ്പയിൽ ആശുപത്രി നിർമ്മിക്കുക, പമ്പയിൽ പുതിയ ഗസ്റ്റ് ഹൗസ് പണിയുക എന്നിവ കൂടാതെ തീർത്ഥാടകർക്ക് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക. |
| ഇ) | **മുൻ ബഡ്ജറ്റിൽ 'സീറോ വേസ്റ്റ് മാനേജ്മെൻ്റ് പ്രോഗ്രാം' എന്ന പേരിൽ ശബരിമലയുടെ ശുചീകരണപ്രവർത്തനങ്ങൾക്കായി പദ്ധതി പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ ഇതിനായി എന്ത് തുക നീക്കിവെച്ചിരുന്നു; എന്നാണ് തുകയനുവദിച്ചത്;** | ഇ) | ഉണ്ട്. 31/03/2012 - ൽ 5 കോടി രൂപ ഇതിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| എഫ്) | **പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് ശബരിമലയിലും പമ്പയിലുമായി നടപ്പാക്കിയിട്ടുള്ളത്;ചെലവായ തുകയെത്ര; വിശദമാക്കുമോ;** | എഫ്) & ജി) | ശുചീകരണ പ്രവർത്തനങ്ങൾക്കായി സാധന സാമഗ്രികൾ വാങ്ങി, വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു, ട്രാക്ടർ, ആട്ടോറിക്ഷ, എസ്കവേറ്റർ, വാഷ്ബ്രഷ് എന്നിവ വാങ്ങി. 75 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| ജി) | **വരുംവർഷങ്ങളിലും പ്രസ്തുത പദ്ധതി തുടരുന്നതിന് എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?** | | |

സെക്ഷൻ ഓഫീസർ